CORRUPTION, A CRIME AGAINST NATION

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 22.01.2025

# സാമ്പത്തിക ക്രമക്കേട്- രണ്ട് കേസുകളിലായി മുൻ ഫിഷറീസ് സബ് ഇൻസ്പെക്ടറിനും, മുൻ വില്ലേജ് ഓഫീസർക്കും കഠിന തടവും പിഴയും ശിക്ഷിച്ചു

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ മത്സ്യ ഭവൻ ഓഫീസിലെ മുൻ ഫിഷറീസ് സബ് ഇൻസ്പെക്ടർ ആയിരുന്ന ബോബൻ ജെ.ഫെർണാണ്ടസ് സർക്കാർ ഫണ്ടിൽ നിന്നും 1,50000/_രൂപ തിരിമറി നടത്തിയതിന് 5 വർഷം കഠിന തടവിനും 1,58000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (22.01.2025) തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചു. പാവപ്പെട്ട മത്സ്യ തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഫണ്ടിൽ നിന്നും 1,50000/- രൂപ തിരിമറി നടത്തി സർക്കാറിന് സാമ്പത്തിക നഷ്ടം വരുത്തിയതിലേക്ക് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ ബോബൻ ജെ.ഫെർണാണ്ടസ് കുറ്റക്കാരനാണെന്ന് കണ്ടെത്തി പ്രതിക്ക് 5 വർഷം കഠിന തടവും 1,58000/- രൂപ പിഴയും ശിക്ഷ വിധിച്ചത്. തിരുവനന്തപുരം വിജിലൻസ് ജഡ്ജ് ശ്രീ രാജകുമാര.എം.വി ആണ് വിധി പ്രസ്താവം പുറപ്പെടുവിച്ചത്. കേസിൽ വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി വീണ സതീശൻ ഹാജരായി.

കണ്ണൂർ ജില്ലയിൽ ഏഴോം മുൻ വില്ലേജ് ഓഫീസർ ആയിരുന്ന എം.സി.ജഗദീഷിനെ എണ്ണായിരം രൂപ കൈക്കൂലി വാങ്ങിയതിന് കൈയ്യോടെ പിടിച്ച കേസിൽ മൂന്ന് വർഷം കഠിന തടവിനും, അൻപതിനായിരം രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു. ഏഴോം മുൻ വില്ലേജ് ഓഫീസർ ആയിരുന്ന എം.സി.ജഗദീഷ്, പുതുതായി പണി കഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ നികുതി കുറവ് ചെയ്തു കൊടുക്കുന്നതിനായി എണ്ണായിരം രൂപ കൈക്കൂലി ആവശ്യപ്പെടുകയും, കൈക്കൂലി വാങ്ങിയ സമയം വിജിലൻസ് കൈയ്യോടെ പിടികൂടുകയും ചെയ്തു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസിലാണ് പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തി മൂന്ന് വർഷം കഠിന തടവിനും, അൻപതിനായിരം രൂപ പിഴ ഒടുക്കുന്നതിനും തലശ്ശേരി വിജിലൻസ് കോടതി ശിക്ഷിച്ചത്. വിജിലൻസ് കോടതി ജഡ്ജ് ശ്രീ കെ.രാമകൃഷ്ണൻ ആണ് ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. ഉഷാകുമാരി.കെ ഹാജരായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.